(സി) ആലത്തൂർ ഡിവിഷനിലെ മുടപ്പല്ലൂർ സെക്ഷൻ വിഭജിച്ച് മംഗലംഡാം കേന്ദ്രമായി പുതിയ സെക്ഷൻ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ ഉപഭോക്താക്കളുടെ എണ്ണം, വിസ്തൃതി, പ്രത്യേക ഭൂപ്രകൃതി എന്നിവ കണക്കിലെടുത്താണ് പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിച്ചിട്ടുള്ളത്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

മാവേലിക്കരയിലെ സെക്ഷൻ ഓഫീസുകൾ

41 (7877) ശ്രീ. ആർ രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നോർത്ത് സെക്ഷൻ ഓഫീസിനായുള്ള പ്രൊപ്പോസൽ നിലവിലുണ്ടോ ; പ്രസ്തുത ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ബി) വള്ളിക്കുന്ന് സബ്സ്റ്റേഷന്റെ ഉദ്ഘാടനം നടത്തിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് ഉദ്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(സി) നിലവിൽ മാവേലിക്കരയിൽ പ്രവർത്തിക്കുന്ന സെക്ഷൻ ഓഫീസുകൾക്ക് കീഴിലെ ഉപഭോക്താക്കളുടെ എണ്ണം ലഭ്യമാക്കുമോ ;

(ഡി) കേരളത്തിലെ ഏറ്റവും കുറഞ്ഞ എണ്ണം ഉപഭോക്താക്കളുള്ള ആദ്യ പത്ത് സെക്ഷൻ ആഫീസുകളുടെ വിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) സെക്ഷൻ വിഭജനത്തിനുള്ള മാനദണ്ഡത്തിനുള്ളിൽ വരാത്തതിനാൽ പ്രസ്തുത നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഔദ്യോഗിക ഉദ്ഘാടനം നടന്നിട്ടില്ലെങ്കിലും സബ്സ്റ്റേഷന്റെ പ്രവർത്തനം 6-6-2012 മുതൽ ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി)

ഇലക്ട്രിക്കൽ സെക്ഷന്റെ പേര്	ഉപഭോക്താക്കളുടെ എണ്ണം
മാവേലിക്കര	22585
തട്ടാരമ്പലം	13494
ചാരുമൂട്	20595
കറ്റാനം	16212
ഭരണിക്കാവ്	16421

(ഡി) വിവരം അനുബന്ധമായി ചേർക്കുന്നു.*

വൈക്കം നിയോജക മണ്ഡലത്തിലെ കെ.എസ്.ഇ.ബി. ഓഫീസുകളിലെ ഒഴിവുകൾ

42 (7878) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം നിയോജക മണ്ഡലത്തിലെ കെ. എസ്. ഇ. ബി. ഓഫീസുകൾ ഏതൊക്കെയെന്നും ഓരോ ഓഫീസിലും എത്ര ജീവനക്കാരുടെ തസ്തികകളാണ് നിലവിലുള്ളതെന്നും അവയിൽ ഏതൊക്കെ തസ്തികകളിലാണ് നിലവിൽ ഒഴിവുള്ളതെന്നും പ്രസ്തുത ഒഴിവുകൾ എന്നു മുതൽ വന്നതാണെന്നും അറിയിക്കുമോ ;

(ബി) ഏതെങ്കിലും തസ്തികകളിലെ റാങ്ക് ലിസ്റ്റുകൾ നിലവിലിരിക്കെ ഒഴിവുകൾ നികത്തപ്പെടാതെയുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിതരണ മേഖലയിൽ വൈക്കം നിയോജക മണ്ഡലത്തിലെ കെ.എസ്.ഇ.ബി. ഓഫീസുകളും ഓരോ ഓഫീസിലെ നിലവിലുള്ള തസ്തികകളുടെയും ഒഴിവുള്ള തസ്തികകളുടെയും വിവരം ചുവടെ ചേർക്കുന്നു:

1. ഇലക്ട്രിക്കൽ സബ്ഡിവിഷൻ, വൈക്കം

   ആകെ തസ്തികകൾ-3

   ഒരു തസ്തികയിലും ഒഴിവില്ല.

2. ഇലക്ട്രിക്കൽ ഡിവിഷൻ, വൈക്കം

   ആകെ തസ്തികകൾ-25

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly